12

ദൈവം

# ദൈവത്തിന്റെ ഗുണങ്ങൾ എന്തെല്ലാം?

**അവന്റെ സ്നേഹം**

ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും തിരിച്ചറിയുവാൻ പരിശുദ്ധാത്മാവു മുഖേന ദൈവത്തിന്റെ സ്നേഹം അതിന്റെ നീളവും, വീതിയും, ആഴവും, ഉയരവും ക്രിസ്ത്യാനികളുടെ ഹൃദയത്തിലേക്കു പകരുന്നു (റോമർ 5:5; എഫെസ്യർ 3:18, 19). മനുഷ്യമനസിനു ആരായുന്നതിനപ്പുറമായി, മാനുഷജ്ഞാനത്തെ കവിയുന്നതാണ് അവന്റെ ജ്ഞാനം. അവന്റെ സ്നേഹത്തെ അനുമോദിക്കുവാൻ ചില ചിത്രീകരണങ്ങൾ സഹായിക്കും.

**നമുക്കു മൃഗങ്ങളോടുള്ള സ്നേഹം പോലെ**

"നീതിമാൻ തന്റെ മൃഗത്തിന്റെ പ്രാണാനുഭവം അറിയുന്നു. ദുഷ്ട ന്മാരുടെ ഉള്ളമോ ക്രൂരമത്രേ" (സദൃശ്യവാക്യങ്ങൾ 12:10). നീതിമാൻ തന്റെ മൃഗത്തെ കരുതുന്നവനാണ്; അവൻ അവയെ വിശ്രമിക്കുവാൻ അനുവദിക്കുകയും, ജലവും, ആഹാരവും കൊടുത്തു അവയ്ക്കു വിഷമം വരുത്താതെ നോക്കും. ഒരാൾക്ക് പക്ഷി ഉണ്ടെങ്കിലും അതു വാസ്തവമാണ്. അതുപോലെ പട്ടിയും, പൂച്ചയും, കുതിരയും, കാളയും ഉള്ളവരെ സംബന്ധിച്ചും വാസ്തവമാണ്. മൃഗങ്ങളോടു ഒരു വ്യക്തിക്കുണ്ടാകുന്ന കരുതലും തോന്നലും ദൈവത്തിനു മനുഷ്യ രോടുള്ള വികാരം പോലെയാണ്.

കുതിരയെയോ അല്ലെങ്കിൽ കോവർ കഴുതയെയോ മെരുക്കലിൽ "മുഖപ്പട്ടയും കടിഞ്ഞാണും നിർത്തുന്നതിനു" ഉപയോഗിക്കുന്നു (സങ്കീർത്തനങ്ങൾ 32:9). ദൈവം ഭൗതികമായ കുതിരക്കോപ്പു (കയറോ

കടിഞ്ഞാണോ) മനുഷ്യരെ നിയന്ത്രിക്കുവാൻ ഉപയോഗിക്കാതെ, “സ്നേഹബന്ധം” ആണ് ഉപയോഗിക്കുന്നത് (ഹോശേയാ 11:4). ദൈവത്തിന്റെ ദയ (റോമർ 2:4), കുതിരയുടെ കോപ്പുപോലെയാണ്, അതു ദൈവേഷ്ടത്തിലേക്കു മനുഷ്യരെ നയിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹം (2 കൊരിന്ത്യർ 5:14), കാളയുടെ നുകംപോലെ, മനുഷ്യരെ തങ്ങളുടെ യജമാനനു കീഴ്പ്പെടുമാറാക്കുന്നു.

മൃഗത്തിന്റെ ഉടമസ്ഥനു മൃഗത്തോടുള്ള വികാരം പോലെ ദൈവസ്നേഹം “മനുഷ്യ പാശങ്ങൾ കൊണ്ടു, സ്നേഹ ബന്ധനങ്ങൾ കൊണ്ടു തന്നേ.”[1] ദൈവം പറഞ്ഞു, “... ഞാൻ അവരെ വലിച്ചു; അവരുടെ [അതായതു, അവർ] താടിയെല്ലിന്മേലുള്ള നുകം നീക്കിക്കളയുന്ന വനെപ്പോലെ ഞാൻ അവർക്കു ആയിരുന്നു. ഞാൻ അവർക്കു തീൻ ഇട്ടുകൊടുത്തു” (ഹോശേയാ 11:4).

**നമുക്കു നമ്മുടെ മക്കളോടുള്ള സ്നേഹംപോലെ**

ഒരു പിതാവിന്നു മക്കളോടുള്ള ഉത്തരവാദിത്വവും കരുതലും സാർവ്വലൗകികമായി അറിയപ്പെടുന്നതാണ്. ഒരിക്കൽ മോശെ, തന്റെ ക്ഷമ നശിച്ചുകൊണ്ടു, അവൻ യിസ്രായേലിന്റെ പിതാവല്ലാത്തതു കൊണ്ടു ഒരപ്പന്റെ കരുതൽ പ്രതീക്ഷിക്കേണ്ടതില്ല എന്നു പറഞ്ഞു. അവൻ ചോദിച്ചു, ‘‘മുല കുടിക്കുന്ന കുഞ്ഞിനെ ഒരു ധാത്രി എടുക്കുന്നതുപോലെ, ‘ഞാൻ അവരെ നീ അവരുടെ പിതാക്കന്മാരോടു സത്യം ചെയ്ത ദേശത്തേക്കു, എന്റെ മാറത്തെടുത്തു പോകേണമെന്നു എന്നോടു കല്പിപ്പാൻ ഈ ജനത്തെ ഒക്കെയും ഞാൻ ഗർഭം ധരിച്ചുവോ? ഞാൻ അവരെ പ്രസവിച്ചുവോ?’ ” (സംഖ്യാപുസ്തകം 11:12). നേരെമറിച്ചു, പൗലൊസിന്നു തന്റെ പരിവർത്തകരോടുണ്ടായിരുന്നതു ഒരു അപ്പന്റെ സ്നേഹം ആയിരുന്നു. “ഒരമ്മ തന്റെ കുഞ്ഞുങ്ങളെ പോറ്റും പോലെ ഞങ്ങൾ നിങ്ങളുടെ ഇടയിൽ ആർദ്രതയുള്ളവരായിരുന്നു ... ഞങ്ങൾ നിങ്ങളിൽ ഓരോരുത്തനെ അപ്പൻ മക്കളെ എന്നപോലെ പ്രബോധിപ്പിച്ചും സാക്ഷ്യം പറഞ്ഞും പോന്നു എന്നു നിങ്ങൾക്കു അറിയാമല്ലൊ” (1 തെസ്സലൊനിക്യർ 2:7-11).

പിതൃത്വ ചിത്രീകരണത്താൽ ദൈവം യിസ്രായേലിന്നു തന്റെ സ്നേഹം വെളിപ്പെടുത്തി കൊടുത്തു. “യിസ്രായേൽ ബാലനായി രുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു; മിസ്രയിമിൽ നിന്നു ഞാൻ എന്റെ മകനെ വിളിച്ചു” (ഹോശേയാ 11:1). പ്രത്യുപകാരം ആവശ്യ പ്പെടാത്തതായിരുന്നു ദൈവ സ്നേഹം; എന്നിട്ടും ആളുകൾ “വിളിക്കുന്തോറും വിട്ടകന്നു ബാൽബിംബങ്ങൾക്കു ബലി കഴിച്ചു” (ഹോശേയാ 11:2). ദൈവം അവർക്കു നല്ലൊരു പിതാവായിരുന്നിട്ടു പോലും അവർ അങ്ങനെ ചെയ്തു: “ഞാൻ എഫ്രയിമിനെ നടപ്പാൻ ശീലിപ്പിച്ചു, ഞാൻ അവരെ എന്റെ ഭുജത്തിൽ എടുത്തു; എങ്കിലും ഞാൻ അവരെ സൗഖ്യമാക്കി എന്നു അവർ അറിഞ്ഞില്ല” (ഹോശേയാ 11:3). ദൈവം അവരുടെ ഓരോ ആവശ്യങ്ങളും നിറവേറ്റിയിട്ടും അവരുടെ പാപസ്വാർത്ഥത അതു കാണാതിരിക്കുവാൻ അവരെ അന്ധരാക്കി. അവൻ വാഗ്ദാനം ചെയ്തു, “... ഞാൻ മിസ്രയിമ്യർക്കു വരുത്തിയ

വ്യാധികളിൽ ഒന്നും നിനക്കു വരുത്തുകയില്ല; ഞാൻ, നിന്നെ സൗഖ്യമാക്കുന്ന, യഹോവ ആകുന്നു എന്നു അരുളിച്ചെയ്തു" (പുറപ്പാട് 15:26). ദൈവം അവരോടു കാണിച്ച സ്നേഹം യിസ്രായേലിന്നു മനസ്സിലായില്ല: "... ഒരു മനുഷ്യൻ തന്റെ മകനെ വഹിക്കുന്നതുപോലെ നിങ്ങൾ ഈ സ്ഥലത്തു എത്തുവോളം നടന്ന എല്ലാ വഴിയിലും നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ വഹിച്ചു എന്നു നിങ്ങൾ കണ്ടുവല്ലോ എന്നു പറഞ്ഞു" (ആവർത്തനപുസ്തകം 1:31) അവൻ നമ്മോടുകാണിക്കുന്ന സ്നേഹം നാം കാണാതിരിക്കരുത് (നോക്കുക 1 യോഹന്നാൻ 3:1).

**അവന്റെ കരുണ**

യാക്കോബ് 5:11 പറയുന്നു, "... കർത്താവു മഹാ കരുണയും മനസ്സലിവുമുള്ളവനല്ലൊ."

ആദ്യ കൊലപാതകി കരുണയ്ക്കായി അപേക്ഷിച്ചപ്പോൾപോലും, മനസ്സലിവുനിറഞ്ഞവൻ അവന്റെ അപേക്ഷ കേട്ടു അവന്റെ രക്ഷക്കായി ഒരു അടയാളം കൊടുത്തു (ഉല്പത്തി 4:15). ദൈവം ഒരിക്കലും ശിക്ഷിക്കുവാൻ ആഗ്രഹിച്ചിട്ടില്ല; അവൻ എല്ലായ്പ്പോഴും അനുഗ്രഹിക്കുവാനാണ് ആഗ്രഹിച്ചിട്ടുള്ളത്.

> "ദുഷ്ടന്റെ മരണത്തിൽ എനിക്കു അല്പമെങ്കിലും താല്പര്യം ഉണ്ടോ," "അവൻ തന്റെ വഴികളെ വിട്ടു തിരിഞ്ഞു ജീവിക്കേണം എന്നല്ലയോ എന്റെ താല്പര്യം? ... മരിക്കുന്നവന്റെ മരണത്തിൽ എനിക്കു ഇഷ്ടമില്ല എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്.'' ''ആകയാൽ നിങ്ങൾ മനം തിരിഞ്ഞു ജീവിച്ചുകൊൾവിൻ" (യെഹെസ്കേൽ 18:23-32).

2 ദിനവൃത്താന്തം 30-ൽ, എഫ്രയിം, മനേശ, ഇസാഖാർ, സെബുലുൻ എന്നിവിടങ്ങളിലെ മനുഷ്യർ രണ്ടാം മാസം പെസഹ ഭക്ഷിക്കുവാൻ തയ്യാറാകാതിരുന്നതുകൊണ്ടു, ഹിസ്കിയാവു അവർക്കു വേണ്ടി പ്രാർത്ഥിച്ചു: "വിശുദ്ധ മന്ദിരത്തിന്നു ആവശ്യമായ വിശുദ്ധീകരണം പോലെ വിശുദ്ധനായില്ലെങ്കിലും ദൈവത്തെ, തന്റെ പിതാക്കന്മാരുടെ ദൈവമായ യഹോവയെത്തന്നെ അന്വേഷിപ്പാൻ മനസ്സു വെക്കുന്ന എല്ലാവരോടും ദയാലുവായ യഹോവേ, ക്ഷമിക്കേണമേ" (വാക്യങ്ങൾ 18, 19). വാക്യം 20-ൽ നാം വായിക്കുന്നതു, "യഹോവയെ ഹിസ്കിയാവിന്റെ പ്രാർത്ഥന കേട്ടു ജനത്തെ സൗഖ്യമാക്കി."

നിർഭാഗ്യവശാൽ, ദൈവത്തിന്റെ മനോഹരവും ആശ്വാസകരവുമായ കരുണാപൂർവ്വമായ ഉപദേശത്തെ അവഗണിച്ചു കളഞ്ഞു. പലരും പറഞ്ഞു, "അവൻ സ്നേഹിക്കുന്നതുപോലെ ആരെയും വിടാതെ ഏതെങ്കിലും ദൈവം സ്നേഹിക്കുമോ - എങ്ങനെയായാലും - ദുഷ്ടനെ എന്നേക്കും ദഹിപ്പിക്കയും ചെയ്യും!" സത്യത്തിൽ ദൈവത്തിന്റെ കരുണയ്ക്കു പരിധിയുണ്ട് എന്നു നാം തിരിച്ചറിയണം. 2 പത്രൊസ് 2-ൽ നാം വായിക്കുന്നു "പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി ന്യായവിധിക്കായി

കാപ്പാൻ ഏല്പിച്ചു" (വാക്യം 4). പുരാതന ലോകത്തെയും അവൻ ആദരിക്കാതെ (വാക്യം 5), ജലപ്രളയത്താൽ ആൾക്കാരെ നശിപ്പിച്ചു. ദുഃഖത്തോടെയാണ് അവൻ അതു ചെയ്തതു, പക്ഷെ അതു ആവശ്യ മായിരുന്നു.

ദൈവം സോദോമിനേയും ഗൊമോറയെയും ചാമ്പലാക്കി (വാക്യം 6). അവൻ അതു ആഗ്രഹിച്ചോ? അവൻ ആകാംക്ഷയോടെ അബ്രാഹാമിന്റെ പ്രാർത്ഥന കേട്ടു: ''അമ്പതു നീതിമാന്മാർ ആ പട്ടണത്തിൽ ഉണ്ടെങ്കിൽ നീ അവരെ നശിപ്പിക്കുമോ? ''ഇല്ല'' നാല്പത്തി - അഞ്ചാണെങ്കിലോ? "ഇല്ല." "നാല്പതു ... മുപ്പതു ... പത്തുപേർ മാത്രമാണെങ്കിലോ?" "ഇല്ല." അത്രയും നീതിമാൻമാർ അവിടെ കണ്ടില്ല.

ദൈവം ആരെയും ഒരിക്കലും നരകത്തിൽ അയച്ചിട്ടില്ല; ഓരോ രുത്തരും സ്വയമായിട്ടാണ് പോകുന്നത്. ആരും അവിടെ പോകാതിരി ക്കേണ്ടതിനു ദൈവം തന്റെ പങ്ക് ചെയ്തു. ദുഷ്ട മനുഷ്യർക്കു വേണ്ടി ദൈവം തന്റെ ഏകജാതനായ മകനെ നല്കി (ഉല്പത്തി 3:16).

അല്ല, നരകം സ്ഥിതിചെയ്യുന്നതു ദൈവത്തിന്റെ ദയയ്ക്കും കരുണയ്ക്കും എതിരല്ല. നന്ദിയില്ലാതെ, ദൈവത്തിന്റെ മനസ്സലിവിനെ ത്യജിച്ചു ആളുകൾ രക്ഷിക്കപ്പെടാതിരിക്കയാണ് ആളുകൾ.

**അവന്റെ സൗമ്യത**

ക്രിസ്ത്യാനികളോടു പറഞ്ഞു ''ആരെക്കൊണ്ടും ദൂഷണം പറയാതെയും കലഹിക്കാതെയും ശാന്തന്മാരായി സകല മനുഷ്യരോടും പൂർണ്ണസൗമ്യത കാണിപ്പാനും അവരെ ഓർമ്മപ്പെടുത്തുക'' (തിത്തൊസ് 3:1, 2).

സൗമ്യത എന്ന ഗുണം, എല്ലാവരെയും അതിശയിപ്പിക്കുന്നതും ദൈവത്താൽ അനുമോദിക്കപ്പെടുന്നതുമാണ്. അതിനെതിരായ കാഠിന്യ സ്വഭാവം ആത്മാവിന്റെ ഫലത്തിൽ കാണുന്നില്ല. പല ഉത്തമ ഗുണങ്ങൾ കാണുന്ന ആളെയാണ് ജെന്റിൽമാൻ എന്നു വിളിക്കുന്നതു: സത്യസന്ധത, ജ്ഞാനം, ഉദാരത, ധൈര്യം, ദയവു എന്നിവ അതിൽ ഉൾപ്പെടുന്നു. വിചാരവും പരിഗണനയും കൂടെ സൗമ്യത യിൽപ്പെടുന്നുണ്ട്.

ക്രിസ്ത്യാനികൾ സൗമ്യത വളർത്തിയെടുക്കണം കാരണം അതാണ് നമ്മുടെ പിതാവായ ദൈവത്തിന്റെ ഗുണം. നാം എത്ര പാപി കളാണെന്നും നമ്മെ സൃഷ്ടിച്ചവനോടു നാം എത്ര കടപ്പെട്ടിരിക്കുന്നു എന്നും തിരിച്ചറിഞ്ഞാൽ നാം എല്ലാവരോടും സൗമ്യതയുള്ളവരായും. ദൈവഗുണമായ സൗമ്യതകൊണ്ടു തനിക്കുണ്ടായ പുരോഗതി ദാവീദ് പറയുന്നുണ്ട്, "... നിന്റെ സൗമ്യത എന്നെ വലിയവനാക്കിയിരിക്കുന്നു" (സങ്കീർത്തനങ്ങൾ 18:35).

കയീനോടു സംസാരിച്ചപ്പോൾ ദൈവത്തിന്റെ സൗമ്യത നമുക്കു കാണാം: "എന്നാറെ കയീനോടു നീ കോപിക്കുന്നതു എന്തിനു? നിന്റെ മുഖം വാടുന്നതും എന്തു? നീ നന്മ ചെയ്യുന്നു എങ്കിൽ പ്രസാദം ഉണ്ടാകയില്ലയോ? നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ

കിടക്കുന്നു; ... അതിന്റെ ആഗ്രഹം നിങ്കലേക്കു ആകുന്നു, നീയോ അതിനെ കീഴടക്കേണം എന്നു പറഞ്ഞു" (ഉല്പത്തി 4:6, 7).

നമ്മുടെ ദൈവം നമ്മിൽ ഉണ്ടാകണമെന്നു ആഗ്രഹിക്കുന്നതുപോലെ നമുക്കു കൂടുതൽ സ്നേഹിക്കുന്നവരും, കരുണയുള്ളവരും, സൗമ്യതയുള്ളവരും ആയിത്തീരാം.

---

കുറിപ്പ്

[1]സി. എഫ്. കെയിലും എഫ്. ഡെലിസെക്കും, *കമെന്ററീസ് ഓൺ ദ ഓൾഡ് ടെസ്റ്റമെന്റ്*, വാല്യം. X, *മൈനർ പ്രോഫെറ്റ്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ് കമ്പനി., എൻ.ഡി.), 138.

© 2009 Truth for Today